(ബി) ഇല്ലെങ്കിൽ ജനപ്രതിനിധികളുടെ അഭിപ്രായം കൂടി ആരായുമോ ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ, ബി) സാമൂഹ്യ ജലസേചന പദ്ധതികളുടെ തെരഞ്ഞെടുപ്പിനെ പറ്റി ചർച്ച ചെയ്ത ജില്ലാ ക്യാമ്പുകളിൽ ജനപ്രതിനിധികളെക്കൂടി പങ്കെടുപ്പിച്ചിട്ടുണ്ട്.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

അസിസ്റ്റന്റ് ലൈൻമാൻ തസ്തികയുടെ റാങ്ക് ലിസ്റ്റ്

1397. [2113] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. ഡബ്ലിയു. ഡി. ചീഫ് എഞ്ചിനീയറുടെ (ജനറൽ ആൻഡ് ആർ ആൻഡ് ബി) 11-7-1986-ലെ ഇ. എൽ. (1) 30269/86 നമ്പർ നിർദ്ദേശ പ്രകാരം 30-7-1986-ന് പാലക്കാട് വച്ചുനടന്ന അസിസ്റ്റന്റ് ലൈൻമാൻ തസ്തികയ്ക്ക് വേണ്ടിയുള്ള ഇന്റർവ്യൂവിന്റെ റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചത് ;

(ബി) ഈ റാങ്ക് ലിസ്റ്റിൽനിന്ന് എത്ര പേരെ നിയമിച്ചിട്ടുണ്ട് ;

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണവസാനിക്കുന്നത് ?

ഉത്തരം

(എ) താൽക്കാലിക നിയമനത്തിനുവേണ്ടിയാണ് പ്രസ്തുത ഇന്റർവ്യൂ നടത്തിയത്. താൽക്കാലിക നിയമനത്തിന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന സമ്പ്രദായം നിലവിലില്ല. സെലക്ഷൻ കിട്ടിയ ആളിന്റെ വിവരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കുകയാണ് പതിവ്. അപ്രകാരം ഒരാളെ സെലക്റ്റ് ചെയ്യുകയും ഈ വിവരം 6-8-1986-ൽ പാലക്കാട് എംപ്ലോയ്മെന്റ് ആഫീസറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സെലക്റ്റ് ചെയ്ത ഒരാളെ 179 ദിവസത്തേക്ക് നിയമിച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

പൊതുമരാമത്ത് വകുപ്പിൽ റോളർ ക്ലീനർ തസ്തികയിലേക്കുള്ള പി. എസ്. സി. തെരഞ്ഞെടുപ്പ്

1398. [2114] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ റോളർ ക്ലീനർ തസ്തികയിലേക്ക്, പി. എസ്. സി. തെരഞ്ഞെടുപ്പ് ജില്ലാ അടിസ്ഥാനത്തിൽ ആണോ നടക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly